തൃപ്രയാർ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണം

1067 [1979] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ തൃപ്രയാർ കേന്ദ്രമാക്കി പട്ടികജാതിക്കാർക്കായുള്ള ഒരു ഹോസ്റ്റൽ നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പണി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആദിവാസികൾ

1068 [1980] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആദിവാസികൾ താമസിക്കുന്നത്;

(ബി) അട്ടപ്പാടി പ്രദേശത്ത് ഇപ്പോൾ എത്ര ആദിവാസികുടുംബങ്ങളുണ്ട്;

(സി) അട്ടപ്പാടിയിൽ ആദിവാസികളുടെ മൊത്തം ജനസംഖ്യ എത്ര;

(ഡി) അട്ടപ്പാടിയിൽ മറ്റു വിഭാഗങ്ങളുടെ എണ്ണമെത്ര;

(ഇ) മറ്റു പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആദിവാസികൾ ഉണ്ട്. വയനാട്, കണ്ണൂർ, ഇടുക്കി, പാലക്കാട്, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലെ മലയോര പ്രദേശങ്ങളിലാണ് ഇവർ കൂടുതലായുള്ളത്.

(ബി) 4716.
(സി) 20659.
(ഡി) 41587.
(ഇ) അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly